**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 13** **08-08-2023 - ൽ മറുപടിയ്ക്ക്**

**മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ആലുവ ബൈപാസിലെ മാർത്താണ്ഡവർമ്മ പാലത്തിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കി ദേശീയ പാതയിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നിവേദനത്തിന്മേൽ (CMO File No. G -3221200926) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സി.എം.ഒ പോർട്ടൽ മുഖേന ലഭിച്ച നിവേദനം (CMO File No. G -3221200926) പദ്ധതി നടപ്പാക്കുന്ന ദേശീയപാത അതോറിറ്റിക്ക് പോർട്ടൽ മുഖേന സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ടിനായി നൽകിയിരുന്നു. ദേശീയപാത അതോറിറ്റിയുടെ പാലക്കാട് Project Implementation Unit പ്രോജക്ട് ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കി 04.05.2023 ന് ബഹു. എം.എൽ.എ. യ്ക്ക് മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | സി.എം.ഒ പോർട്ടലിലെ നിവേദനത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം സർക്കാരിലേക്ക് പ്രത്യേകമായി റിപ്പോർട്ട് നൽകിയിട്ടില്ല. ഭാരത് മാല പരിയോജനയുടെ കീഴിൽ അങ്കമാലി മുതൽ കുണ്ടന്നൂർ (ഗ്രീൻ ഫീൽഡ്) വരെയുള്ള അങ്കമാലി ബൈപാസിന്റെ വികസന പ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. അതിനായി DPR തയ്യാറാക്കുന്നതിനും, 3(A) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. നിർദിഷ്ട ബൈപ്പാസ് പൂർത്തീകരിക്കുന്നതോടെ ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതം സുഗമമാകും. ദേശീയപാത അതോറിറ്റിയുടെ DPR-കൺസൾട്ടന്റാണ് DPR തയ്യാറാക്കി വരുന്നത്. പ്രസ്തുത DPRഫീസിബിലിറ്റി സ്റ്റേജിൽ ആണ്. DPR ഉം, സ്ഥലമെടുപ്പും മറ്റ് പ്രോജക്ട് ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിച്ച വരുന്നു. എൽ.എ കമ്മറ്റിയുടെ സ്റ്റേജ് 1, സ്റ്റേജ് 2 അംഗീകാരം നൽകിയിട്ടുണ്ട്. 3(a) notification പ്രസിദ്ധീകരിച്ചു. 3(A) notification പ്രസിദ്ധീകരണ ഘട്ടത്തിലാണ്. |
| (സി) | വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സി.എം.ഒ പോർട്ടലിലെ നിവേദനത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം |

| | | | |
|---|---|---|---|
| | | | സർക്കാരിലേക്ക് പ്രത്യേകമായി റിപ്പോർട്ട് നൽകിയിട്ടില്ല. ഭാരത് മാല പരിയോജനയുടെ കീഴിൽ അങ്കമാലി മുതൽ കുണ്ടന്നൂർ (ഗ്രീൻ ഫീൽഡ്) വരെയുള്ള അങ്കമാലി ബൈപാസിന്റെ വികസന പ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. അതിനായി DPR തയ്യാറാക്കുന്നതിനും, 3(A) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. നിർദിഷ്ട ബൈപ്പാസ് പൂർത്തീകരിക്കുന്നതോടെ ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതം സുഗമമാകും. ദേശീയപാത അതോറിറ്റിയുടെ DPR-കൺസൾട്ടന്റാണ് DPR തയ്യാറാക്കി വരുന്നത്. പ്രസ്തുത DPRഫീസിബിലിറ്റി സ്റ്റേജിൽ ആണ്. DPR ഉം, സ്ഥലമെട്ടപ്പും മറ്റ് പ്രോജക്ട് ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു. എൽ.എ കമ്മറ്റിയുടെ സ്റ്റേജ് 1, സ്റ്റേജ് 2 അംഗീകാരം നൽകിയിട്ടുണ്ട്. 3(a) notification പ്രസിദ്ധീകരിച്ചു. 3(A) notification പ്രസിദ്ധീകരണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ